**പതിമൂന്നാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *242 — 15.12.2015 -ൽ മറുപടിക്ക്

**ഓരോ പഞ്ചായത്തിലും ഓരോ വില്ലേജ് ഓഫീസ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ഹൈബി ഈഡൻ**<br>**ശ്രീ. ലൂഡി ലൂയിസ്**<br>**ശ്രീ. കെ.മുരളീധരൻ**<br>**ശ്രീ. കെ.എസ്. ശബരീനാഥൻ** | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) ഓരോ പഞ്ചായത്തിലും ഓരോ വില്ലേജ് ഓഫീസ് എന്ന ആശയം നടപ്പിലാക്കാൻ കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ; | (ബി) സംസ്ഥാനത്ത് ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന രീതി നടപ്പിലാക്കുന്നതിലൂടെ ഒന്നിൽ കൂടുതൽ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന വില്ലേജുകളെയും പല പഞ്ചായത്തുകളിലായി കിടക്കുന്ന വില്ലേജ് ഓഫീസുകളെയും ഒരിടത്ത് പ്രവർത്തിപ്പിക്കുക എന്ന ഉദ്ദേശ്യലക്ഷ്യം കൈവരിക്കാൻ കഴിയുന്നതാണ്. കൂടാതെ ടി പദ്ധതി പ്രാവർത്തികമായി കൂടുതൽ വില്ലേജുകൾ നിലവിൽ വരുന്നതോടെ നാളിതുവരെ നിലവിലുണ്ടായിരുന്ന ഭരണപരമായ അസൗകര്യങ്ങളും ജനങ്ങളുടെ യാത്രാ ക്ലേശവും ഒഴിവാക്കി കൂടുതൽ കാര്യക്ഷമവും വേഗത്തിലുമുള്ളതുമായ സേവനം പ്രദാനം ചെയ്യുവാനും കഴിയുന്നതാണ്. |
| (സി) പദ്ധതി നടപ്പിലാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) സംസ്ഥാനത്ത് നിലവിൽ വില്ലേജ് ഓഫീസുകൾ ഇല്ലാത്ത 31 ഗ്രാമപഞ്ചായത്തുകളിൽ വില്ലേജുകൾ രൂപീകരിച്ച് 29.5.2013 ലെ സ. ഉ (എം.എസ്) നം.230/13/റവന്യൂ, |

20.10.2012 -ലെ ജി.ഒ.(എം.എസ്) 392/12/റവന്യൂ എന്നീ ഉത്തരവുകൾ പ്രകാരം പ്രസ്തുത 31 വില്ലേജുകളുടെയും വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി. അവയിൽ 29 വില്ലേജുകളിൽ ജീവനക്കാരെ നിയമിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇനി പ്രവർത്തനം ആരംഭിക്കുവാനുള്ള ഇടുക്കി ജില്ലയിലെ മൂന്നാർ, ഇടമലക്കുടി എന്നീ വില്ലേജുകൾക്ക് അനുയോജ്യമായ കെട്ടിടം കണ്ടെത്തി വില്ലേജുകളുടെ പ്രവർത്തനം താമസംവിനാ ആരംഭിക്കുമെന്ന് ഇടുക്കി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**